(സി) നെല്ലിയാമ്പതിയിലെ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5473/2014/ റവന്യൂ പ്രകാരം നിയോഗിക്കപ്പെട്ട സർവ്വെ ടീം സർവ്വെ നടത്തിവരുന്നു.

(ഡി) സർവ്വെ, റവന്യൂ വകുപ്പുകളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്ന ശിപാർശ സർക്കാൻ അംഗീകരിച്ചു.

കരുണ എസ്റ്റേറ്റ് സ്വന്തമാക്കിയ വനഭൂമി

171 (1227) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതി വനഭൂമി കരുണ എസ്റ്റേറ്റ് സ്വന്തമാക്കിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ എന്ന് ; അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയത് ആരെയൊക്കെയാണ്; ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സംഘത്തോട് എന്തെല്ലാം കാര്യങ്ങൾ അന്വേഷിക്കുവാനായി ആവശ്യപ്പെട്ടിട്ടുണ്ട് ; അന്വേഷണ റിപ്പോർട്ട് ലഭിക്കുകയുണ്ടായോ ; എങ്കിൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 14-7-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3173/2014/ റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി ലാൻഡ് ബോർഡ് സെക്രട്ടറിയെയും, സെക്രട്ടറിയെ പ്രസ്തുത അന്വേഷണത്തിൽ സഹായിക്കാനായി ശ്രീമതി ഷീബാ ജോർജ്ജിനെയും (എ.ഒ.,ഐ.എൽ.ഡി.എം., തിരുവനന്തപുരം) അവരുടെ അഭാവത്തിൽ ശ്രീമതി എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.), ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തിരുവനന്തപുരത്തെയും ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) അന്വേഷണ വിധേയമാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ചോദ്യാവലിയുടെ പകർപ്പ് അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്യുന്നു*. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly